LIBRARY ARCHIVES Kerala Legislative Assembly

നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II പ്രമോഷൻ

64 (4941) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീനിയോറിറ്റി മറികടന്ന് ഹെഡ്നഴ്സിൽ നിന്നും നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II-ലേക്ക് പ്രൊമോഷൻ നൽകിയതു പരിശോധിക്കണമെന്നും പ്രൊമോഷനുപരിഗണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ഐ.എം.സി.എച്ച്.-ലെ ഹെഡ്നഴ്സ് എം.ഡി. മേരി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരെ പ്രൊമോഷനു പരിഗണിക്കാതിരുന്നതെന്തുകൊണ്ടെന്നു വിശദമാക്കുമോ ;

(സി) ഇവർക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ശ്രീമതി എം. ഡി. മേരിയുടെ ഹെഡ്നഴ്സ് തസ്തികയിലെ സീനിയോറിറ്റി നമ്പർ. 1627 ആണ്. ടി സീനിയോറിറ്റി പട്ടികയിൽ നിന്നും റാങ്ക് നമ്പർ 416 വരെയുള്ള ഹെഡ്നഴ്സുമാർക്ക് രണ്ടാം ഗ്രേഡ് നഴ്സിംഗ് സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. സീനിയോറിറ്റി പട്ടികയിൽ എം.ഡി. മേരിയുടെ റാങ്ക് നമ്പർ എത്തുന്ന മുറയ്ക്ക് ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ആയുർവേദ/സിദ്ധ/യൂനാനി/ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

65 (4942) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ/സിദ്ധ/യുനാനി/ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഗുണമേന്മ ഇല്ലാത്ത ഉൽപ്പന്നങ്ങളുടെ പരസ്യം പ്രസിദ്ധം ചെയ്യും മുമ്പ് ഫലസിദ്ധിയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആയുർവേദ സിദ്ധ യുനാനി വൈദ്യ ശാസ്ത്രങ്ങൾക്കുവേണ്ടി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒരു ആയുർവേദ ഡ്രഗ്സ് കൺട്രോളറും ഒരു സീനിയർ ഡ്രഗ് ഇൻസ്പെക്ടറും മൂന്ന് ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർമാരും സേവനം